R1-1904/2023 തീയതി 22.03.2023

## ഗുരുവായൂർ ദേവസ്വം വിജ്ഞാപനം

ഗുരുവായൂർ ദേവസ്വത്തിൽ 01.05.2023 മുതൽ താഴെ കാണിച്ച തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നതിന് നിർദ്ദിഷ്ട യോഗ്യതകളുള്ള ഈശ്വരവിശ്വാസികളായ ഹിന്ദുക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

**1. സെക്യൂരിറ്റി ജീവനക്കാർ**

നിയമന കാലാവധി 1.5.2023 മുതൽ 30.04.2024 കൂടിയ 1 വർഷം

(1) സെക്യൂരിറ്റി സൂപ്പർവൈസർ- (ഒഴിവ് - 1) പ്രതിമാസ മൊത്ത വേതനം - Rs.23,000/-

(2) അസി.സെക്യൂരിറ്റി സൂപ്പർവൈസർ - (ഒഴിവ് - 1) പ്രതിമാസ മൊത്ത വേതനം - Rs.22,000/-

(3) സെക്യൂരിറ്റി ഗാർഡ് - (ഒഴിവ് -190) പ്രതിമാസ മൊത്ത വേതനം Rs.21,175/-

പ്രായം -01.01.2023 ന് 60 വയസ്സ് കവിയാത്തവർ ആയിരിക്കണം.

യോഗ്യതകൾ - സൈനിക, അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്നും (Army,Navy, Airforce, BSF, CISF, ITBP,CRPF, Assam Rifles & GREF) വിരമിച്ചവർ ആയിരിക്കണം. സെക്യൂരിറ്റി സൂപ്പർവൈസർ,അസി.സെക്യൂരിറ്റി സൂപ്പർവൈസർ എന്നീ തസ്തികകളിലേക്ക് അപേക്ഷിക്കുന്നവർ ഹവിൽദാർ റാങ്കോ അതിനു മുകളിൽ റാങ്കിലോ വിരമിച്ചവർ ആയിരിക്കണം. ആരോഗദൃഢഗാത്രരും നല്ല കാഴ്ചശക്തിയുള്ളവരും ആയിരിക്കണം. അപേക്ഷയോടൊപ്പം ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥനിൽ നിന്നുമുള്ള സ്വഭാവ സർട്ടിഫിക്കറ്റ്, **അസി. സർജനിൽ കുറയാത്ത ഒരു ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.** ഓരോ തസ്തികക്കും പ്രത്യേകം അപേക്ഷ സമർപ്പിക്കണം.

അപേക്ഷാഫോറം ദേവസ്വം ഓഫീസിൽ നിന്ന് Rs.100/- നിരക്കിൽ 27.03.2023 മുതൽ 07.04.2023-ാം തിയതി വൈകിട്ട് 3.00 മണി വരെ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഒപ്പു വെയ്ക്കുന്ന ഡോക്ടറുടെ യോഗ്യത, രജി. നമ്പർ, സർട്ടിഫിക്കറ്റ് ഒപ്പു വെച്ച തീയതി എന്നിവ വ്യക്തമല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതായിരിക്കും. അപേക്ഷകരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ച ജാതി തെളിയിക്കുന്ന രേഖയുടെ പകർപ്പ് ഹാജരാക്കിയാൽ അപേക്ഷാഫോറം സൗജന്യമായി നൽകുന്നതാണ്. അപേക്ഷാഫോറം തപാൽ മാർഗ്ഗം അയയ്ക്കുന്നതല്ല. വയസ്സ്, യോഗ്യതകൾ, ജാതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതമുള്ള അപേക്ഷ ദേവസ്വം ഓഫീസിൽ നേരിട്ടോ, അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ-680101 എന്ന മേൽവിലാസത്തിൽ തപാലിലോ 07.04.2023 -ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്.

ദേവസ്വത്തിൽ നിന്നും നൽകുന്ന നിർദ്ദിഷ്ട ഫോറത്തിലല്ലാത്തതും മതിയായ രേഖകളില്ലാത്തതും അപൂർണ്ണവും അവ്യക്തവുമായതും യഥാസ്ഥാനത്ത് ഫോട്ടോ പതിക്കാത്തതും അതത് തസ്തികകളിലേക്ക് ആവശ്യമായ യോഗ്യതകൾ ഇല്ലാത്തതും നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും. ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. വിശദവിവരങ്ങൾ ഗുരുവായൂർ ദേവസ്വം ഓഫീസിൽ നിന്ന് നേരിലോ 0487-2556335 എന്ന നമ്പറിൽ ടെലിഫോൺ വഴിയോ അറിയാവുന്നതാണ്.

ഒപ്പ്
അഡ്മിനിസ്ട്രേറ്റർ

ഉത്തരവിൻപ്രകാരം

മാനേജർ

സ്വീകർത്താവ് - All Notice Board

പകർപ്പ് - Administrator's table DA(A,T) M(O) AM(Tapal)
Office Reception DSA – for publishing in website File